# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **929** **08.01.2014 -** ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റി ഹെൽപ്പ് ഡെസ്ക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ ഹെൽപ്പ് ഡെസ്ക്കുകൾ ഏതെല്ലാം തലത്തിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്ത മാക്കുമോ; | (എ) കേരള വാട്ടർ അതോറിറ്റിയുടെ സബ് ഡിവിഷൻ ഓഫീസുകളിലാണ് പ്രധാനമായും ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തിക്കുന്നത്. |
| (ബി) ഈ ഹെൽപ്പ് ഡെസ്ക്കു കളിലൂടെ ലഭിക്കുന്ന സേവന ങ്ങൾ വിശദീകരിക്കാമോ ; | (ബി) വാട്ടർ കണക്ഷൻ, വാട്ടർ ചാർജ്ജ്, ജലം ലഭിക്കാത്തത് എന്നിവ സംബന്ധിച്ച് ഓഫീസിൽ ഉപഭോക്താക്കൾ നൽകുന്ന പരാതികൾ സ്വീകരിക്കുകയും അപ്പോൾതന്നെ തീർപ്പാക്കാൻ പറ്റുന്നവ തീർപ്പാക്കുകയും അല്ലാത്തവ ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങൾക്ക് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഹെൽപ്പ് ഡെസ്ക് വഴി നൽകി വരുന്നു. |
| (സി) പ്രസ്തുത സംവിധാനം നിർത്ത ലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സംവിധാനത്തെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ? | (സി) ഹെൽപ്പ് ഡെസ്ക്കുകൾ നിർത്തലാക്കാൻ തീരുമാനം എടുത്തിട്ടില്ല. നിലവിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എന്നിരുന്നാലും കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ